**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1224** **18-01-2021 - ൽ മറുപടിയ്ക്ക്**

**സബ് രജിസ്ട്രാർ ഓഫീസുകൾക്ക് അടിസ്ഥാനസൗകര്യം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **Shri G. Sudhakaran**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും സബ്‌രജിസ്ട്രാർ ഓഫീസുകൾക്ക് ആവശ്യത്തിന് അടിസ്ഥാന സൗകര്യമില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ആവശ്യമുള്ളത്; ഇതിനായി എത്ര തുക ചെലവ് വരും; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്, ആവശ്യപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ: (1) മേലാറ്റൂർ സബ് രജിസ്ട്രാർ ആഫീസ്:- വാട്ടർ പ്യൂരിഫയർ 1, കസേര 10, പെഡൽ ഫാൻ 2, ടേബിൾ 3, ബെഞ്ച് 4. (ആകെ വരുന്ന ചെലവ് - 89,300/- രൂപ) (2)പെരിന്തൽമണ്ണ സബ് രജിസ്ട്രാർ ആഫീസ് :- വാട്ടർ പ്യൂരിഫയർ 1, കസേര 5, കുഴൽ കിണർ 1 (ആകെ വരുന്ന ചെലവ് - 2,43,872/- രൂപ) |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ വികസനത്തിന് ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ? | (ബി) | (1) മേലാറ്റൂർ സബ് രജിസ്ട്രാർ ആഫീസിന് സ്വന്തമായി കെട്ടിടം പണിയാൻ 55 ലക്ഷം രൂപ വകയിരുത്തുകയും 09/09/2020 ന് കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തിട്ടുണ്ട്. (2) ശ്രീ.മഞ്ഞളാംകുഴി അലി എം എൽ എ അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിച്ച് പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽപ്പെട്ട പെരിന്തൽമണ്ണ സബ് രജിസ്ട്രാർ ആഫീസിന് പുതിയ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് 29/06/2017 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ ആഫീസിലെ, പൊതുജനങ്ങൾക്കുള്ള ശുചിമുറി 73,234/- രൂപ ചെലവഴിച്ച് പൂർത്തിയാക്കിയിട്ടുള്ളതും തകർന്ന ചുറ്റമതിൽ നിർമ്മാണത്തിന് 73,752/- രൂപയുടെ കരാർ നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ